**നഗരാസൂത്രകന്റെ കാര്യാലയം,**
**ഇടുക്കി 685602, ഫോൺ നമ്പർ 0486-2235224,**
email- tpidk.lsgdplng@kerala.gov.in

**നടപടിക്രമം**
**(ഹാജർ രാജേഷ് റ്റി.എൻ, നഗരാസൂത്രകൻ)**

വിഷയം: കുമളി ഗ്രാമപഞ്ചായത്ത് – കോളേജ് കെട്ടിടം കൂട്ടിച്ചേർത്ത് വിപുലീകരണം- ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: 1. കുമളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/01/2021 ലെ A3/122/2021 നമ്പർ കത്ത്.
2. ഡോ. മാർ ഫിലിപ്പോസ് സ്റ്റെഫാനോസ് , സഹ്യജ്യോതി ആട്സ് & സയൻസ് കോളേജ്, കുമളിയുടെ 23/07/2021- ലെ MST/PL/2021/04 നമ്പർ കത്ത്

**ഉത്തരവ് നമ്പർ TCPIDK/182/2021 – D1 തീയതി 18/08/2021**

പീരുമേട് താലൂക്കിൽ, കുമളി ഗ്രാമപഞ്ചായത്തിൽ, കുമളി വില്ലേജിൽ റീ സർവ്വേ നമ്പർ 2/1-632-1, 2/1-597-ൽപ്പെട്ട 20235 ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് 5132 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിലവിലുള്ളതും (ചർച്ച് -533 ച.മീ.+ പ്രീസ്റ്റ് ഹോം - 180, ച.മീ.+ടോയ് ലേറ്റ് - 10 ച.മീ.+ കോളേജ് - 4409 ച.മീ.)അതിൽ 4 നിലകളിലായി 4409 ച.മീ. വിസ്തീർണ്ണമുള്ള കോളേജ് കെട്ടിടത്തോടു 4 നിലകളിലായി 3228 ച.മീ. വിസ്തീർണ്ണമുള്ള കോളേജ് കെട്ടിടം കൂട്ടിച്ചേർത്ത് (3228 ച.മീ.+ 4409 ച.മീ = 7637 ച.മീ. ) 7637 ച.മീ വിസ്തീർണ്ണമുള്ള കോളേജ് കെട്ടിടവും ചേർന്ന് ആകെ 8360 ച.മീ. (നിലവിലുള്ളത് 5132 ച.മീ.+ കൂട്ടിച്ചേർക്കുന്നത് 3228 ച.മീ.) വിസ്തൃതിയുള്ള നിർമ്മാണത്തിന് പരാമർശം (2)മുഖേന ലഭിച്ച ഇതോടൊപ്പമുള്ള പ്ലാനുകൾ പ്രകാരം കെ.പി.ബി.ആർ. 2019 ചട്ടം 5(6)(1) പ്രകാരമുള്ള വിലയിരുത്തൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR -2019) ചട്ടം 5(6), 30 (സി) എന്നിവ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ - ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി (കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം5(4) കാണുക) എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ
2. പ്രസ്തുത പ്ലോട്ടിലൂടെ കോളേജ് കെട്ടിടത്തിലേക്ക് സൈറ്റ് പ്ലാൻ പ്രകാരം ലഭ്യമാക്കിയിട്ടുള്ള 5 m വീതിയിൽ ഉള്ള പ്രവേശനമാർഗ്ഗം ചട്ടം 28 (1) പ്രകാരം 6 m ആവശ്യമുള്ളതായി കാണുന്നതിനാൽ ആയതു 6 മീറ്ററിൽ കുറയാത്ത വീതിയിൽ സ്ഥലത്തു ലഭ്യമാക്കിയിരിക്കണം എന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
3. സൈറ്റ് പ്ലാനിൽ കോളേജ് കെട്ടിടത്തോട് ചേർന്ന് കാണിച്ചിരിക്കുന്ന pond ആവശ്യമായ സുരക്ഷാ ഭിത്തികൾ നിർമ്മിച്ചു സുരക്ഷിതമായ കെട്ടിടങ്ങളുടെ ഉപയോഗം ഉറപ്പു വരുത്തും വിധം സംരക്ഷിച്ചിരിക്കണം . നിർമ്മാണങ്ങളുടെ ഭാഗമായി മണ്ണ് നീക്കം ചെയ്യേണ്ടതുള്ള പക്ഷം ചട്ടം 10 പ്രകാരം

ഉള്ള അനുമതികളും ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയും ലഭ്യക്കണം . മണ്ണ് നീക്കം ചെയ്ത ശേഷം മൺതിട്ട നിലനിർത്തുന്ന പക്ഷം ആയത് Retaining Wall കെട്ടി സംരക്ഷിച്ചിരിക്കണം.

4. കോളേജ് കെട്ടിടത്തിന്റെ മുൻ ഭാഗത്ത് കാണിച്ചിരിക്കുന്ന ബാസ്കറ്റ്ബാൾ കോർട്ട് യാതൊരു നിർമ്മാണങ്ങളും കൂടാതെ ഓപ്പൺ ഗ്രൌണ്ട് ആയി നിലനിർത്തനം.
5. സൈറ്റ് പ്ലാൻ പ്രകാരം ലഭ്യമാക്കിയിട്ടുള്ള പാർക്കിങ് സ്ഥലങ്ങൾ ഗതാഗത യോഗ്യമായി drive way സാഹിതം വികസിപ്പിച്ച സ്ഥലത്തു ലഭ്യമാക്കിയിരിക്കണം.
6. വിഭാവിത നിർമ്മാണം നിലവിലുള്ള കോളേജ് കെട്ടിടത്തിന്റെ വിപുലീകരണവും കൂട്ടിച്ചേർക്കലും ആയതിനാൽ നിലവിലുള്ള കോളേജ് കെട്ടിടത്തിന്റെ ഘടനാപരമായ ദൃഢത ഉറപ്പ് വരുത്തണം.
7. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം 9(2) പ്രകാരം പ്ലോട്ടിൻറെ ഉടമസ്ഥത, സർവ്വേ നമ്പർ, തരം, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമ്മാണാവകാശം, നിർദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
8. പ്ലാനിൽ കാണിച്ചിരിക്കുന്ന നിലവിലുള്ള കെട്ടിട ഭാഗങ്ങളുടെ കെട്ടിട നമ്പർ , ഉപയോഗം (Occupancy Group), അളവുകൾ, വിസ്തീർണ്ണം എന്നിവ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ രേഖകൾ പരിശോധിച്ച ശരിയാണെന്നും ആയവ നിയമാനുസൃതം ആണ് എന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ വരുത്തണം.
9. നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019) നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
10. കെ.പി.ബി.ആർ 2019 ചട്ടം 79(6) പ്രകാരമുള്ള In-situ liquid waste management treatment plant, Provision for recycling and reusing of waste water generated നും ചട്ടം 79(എ) പ്രകാരമുള്ള Management of construction and demolition waste നും ഉള്ള സംവിധാനം നൽകേണ്ടതാണ്.
11. പ്ലാനുകളിൽ പൊളിച്ച നീക്കുവാനെന്ന് രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട ഭാഗങ്ങൾ പൊളിച്ച നീക്കിയിരിക്കണം.
12. ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതിയല്ല . കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണം / വികസന അനുമതി ബണ്ടപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.
13. വിഭാവനം നിർമ്മാണ സ്ഥലം കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 നും ഉടർന്ന് ഉള്ള ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
14. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.

Signature Not Verified

Digitally signed by RAJESH T N
Date: 2021.08.18 13:58:02 IST
Reason: Approved

**RAJESH T N, TP TPIDK, O/o TP TPIDK**

ഉള്ളടക്കം : അംഗീകൃത പ്ലാനിന്റെ പകർപ്പ്

**To**

ഡോ. മാർ ഫിലിപ്പോസ് സ്റ്റെഫാനോസ് ,
സഹ്യജ്യോതി ആർട്സ് & സയൻസ് കോളേജ്,

പകർപ്പ് : 1. സെക്രട്ടറി, കുമളി ഗ്രാമപഞ്ചായത്ത് - അറിവിലേക്കും അനന്തര

നടപടികൾക്കും

2. കരുതൽ.
3. അധികം.